നം.കെ.എസ്.എ.പിറ്റിഎ.പി5 -1348/2018 തീയതി: 15.10.2018

പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമപ്പഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994-**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം **-** വകുപ്പ് **215(4), 1994-**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് **13, 1996-**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപ്പഞ്ചായത്ത് 21.06.2017 മുതൽ 13.07.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപ്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.09.2018 മുതൽ 19.09.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി സ്ലിഗ്ധ.എസ്, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീ അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമഹേഷ് കുമാർ കെആർ,അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സാംസൺ തെക്കേതിൽ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ചെയർപേഴ്സൺ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി.ഷിബി ആനി ജോർജ്ജ് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ. ബാബുജി തര്യൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ.കെ പി മുകുന്ദൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി.ഗീതാ സദാശിവൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.ജി പ്രഭാകരൻ പിള്ള | 01.04.2017 മുതൽ 24.06.2017 വരെ |
| | ശ്രീ.വൈ ഇസ്മയിൽ കുഞ്ഞ് | 24.06.2017 മുതൽ 24-07-2017 |
| | ശ്രീമതി.റ്റി ആർ ഫാത്തിമാ ബീവി അസി സെക്രട്ടറി (ഇൻ ചാർജ്ജ്) | 25-07-2017മുതൽ 24-09-2017വരെ |
| | ശ്രീ.വൈ ഇസ്മയിൽ കുഞ്ഞ് | 25-09-2017മുതൽ 03-02-2018വരെ |
| | ശ്രീമതി.റ്റി ആർ ഫാത്തിമാ ബീവി, അസി സെക്രട്ടറി (ഇൻ ചാർജ്ജ്) | 04-02-2018മുതൽ 04-03-2018വരെ |
| | ശ്രീ.വൈ ഇസ്മയിൽ കുഞ്ഞ് | 05-03-2018മുതൽ 31-03-2018വരെ |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാല്പ ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** <u>പൊതു അവലോകനം</u>

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** <u>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

രസീതു പരിശോധനയിലും ഗ്രാമപ്പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** <u>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

ഗ്രാമപ്പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** <u>ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും</u>

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

<u>അനുബന്ധം:</u>

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
4. റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18

<u>ഉള്ളടക്കം</u>


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം **1:** ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7. | തനത് വരുമാനം | 1-7 |
| 8. | സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10. | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12. | വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം - അവലോകനം | 1-12 |
| 13. | വാർഷിക കണക്കിലെ അപാകതകൾ | 1-13 |
| | ഭാഗം **2:** വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14. | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - അവലോകനം | 2-1 |
| 15. | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല | 2-2 |
| 16. | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല | 2-3 |
| 17. | ഒരേ തരത്തിലുള്ള സ്ഥാപനഉടമകളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി | 2-4 |
| 18. | ഡി&ഒ ലൈസൻസ്- ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലൈസൻസ് എടുക്കുന്നില്ല | 2-5 |
| 19. | മൊബൈൽടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർ ഫീസ് ഈടാക്കുന്നില്ല | 2-6 |
| 20. | കടമുറി ഒഴിഞ്ഞുകിടക്കുന്നു | 2-7 |
| 21. | പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല | 2-8 |

| | | |
|---|---|---|
| 22. | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-9 |
| | <u>ഭാഗം **3:** ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u> | |
| 23 | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പദ്ധതി നിർവ്വഹണവും | 3-1 |
| 24 | ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ - ചെലവ് വൗച്ചറുകൾ ഹാജരാക്കിയില്ല | 3-2 |
| 25 | ടെണ്ടർ കുറവ് വരുത്താതെ കരാറുകാർക്ക് പ്രതിഫലം നൽകിയത് അംഗീകരിക്കുന്നില്ല | 3-3 |
| 26 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പദ്ധതി നിർവ്വഹണവും | 3-4 |
| 27 | SC കുട്ടികൾക്ക് സൈക്കിൾ വിതരണം പദ്ധതിയിൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചില്ല | 3-5 |
| 28 | ക്വട്ടേഷനിലെ നിരക്കിനെക്കാൾ അധിക വിലയിൽ സാധനം വാങ്ങിയത് അംഗീകരിക്കുന്നില്ല | 3-6 |
| 29 | വീട് മെയിന്റൻസ് നടത്താത്ത ഗുണഭോക്താവിൽ നിന്നും സബ്സിഡി തുക തിരികെ ഈടാക്കണം | 3-7 |
| 30 | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയും പദ്ധതി നിർവ്വഹണവും | 3-8 |
| 31 | പാലിയേറ്റീവ് കെയർ യൂണിറ്റ് - പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല | 3-9 |
| 32 | ആശ്രയ പദ്ധതി ഭക്ഷണ വിതരണത്തിൽ മാത്രമായി ഒതുങ്ങി | 3-10 |
| | ഭാഗം **4**<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 33 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 34 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 36 | വായ്പ തിരിച്ചടവിന്റെ വിവരം | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 40 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2017-18-ലെ ബജറ്റ് പാസ്സാക്കിയ നം./തീയ്യതി | 30.03.2017-ലെ 1-ാം നമ്പർ തീരുമാനം |
| ബജറ്റ് പുതുക്കിയത് | 28.03.2018 1-ാം നമ്പർ തീരുമാനം |

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (+/-) |
|---|---|---|---|
| മുന്നിരിപ്പ് | 2790966 | 8061487 | 5270521 |
| വരവ് | 88096000 | 38978320 | (-)49117680 |
| ആകെ | 90886966 | 47039807 | (-)43847159 |
| ചെലവ് | 85664500 | 38815484 | (-)46849016 |
| നീക്കിയിരിപ്പ് | 5222466 | 8224323 | 3001857 |

ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുളള വരവ് ചെലവ് കണക്കുകളും തമ്മിലുളള

ഗണ്യമായ വ്യതിയാനം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻവർഷത്തെ വരവ് ചെലവ് കണക്കുകളും, പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

അടുത്ത സാമ്പത്തിക വർഷം സ്ഥാപനത്തിൽ ലഭിക്കാനുള്ള തനത് വരവ് ഇനങ്ങളെ സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് തുക കണക്കാക്കേണ്ടത്. എന്നാൽ അശാസ്ത്രീയമായി ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റ് നിർദ്ദേശങ്ങളും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് സെക്രട്ടറി സമർപ്പിച്ചിട്ടില്ല. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചല്ല കരട് ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയിട്ടുള്ളതെന്ന് ബജറ്റ് കണക്കുകളിലെ വ്യതിയാനങ്ങളിൽനിന്നും വ്യക്തമാണ്. ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റികളിലും, ജനറൽ കമ്മിറ്റിയിലും വിശദമായ ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച് മിനിട്ട്സിൽ രേഖപ്പെടുത്തൽ ഇല്ല.

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ തുക | വ്യത്യാസം (-/+) |
|---|---|---|---|
| വരവ് | | | |
| വസ്തു നികുതി | 3000000 | 3022412 | 22412 |
| സേവന നികുതി | 300000 | 303283 | 3283 |
| തൊഴിൽ നികുതി | 1500000 | 1240740 | -259260 |
| വാടക | 420000 | 220091 | -199909 |
| ഡി.&ഒ. ലൈസൻസ് | 160000 | 124550 | -35450 |
| ചെലവ് | | | |
| ഭരണ ചെലവുകൾ | 938000 | 818895 | 119105 |
| ജീവനക്കാര്യത്തിനുള്ള ചെലവുകൾ | 9920000 | 2057752 | 7862248 |
| ഉത്പാദന മേഖല | 7800000 | 2536408 | -5263592 |
| സേവന മേഖല | 15805000 | 6902190 | 8902810 |
| പശ്ചാത്തല മേഖല | 350000 | 2988750 | 2638750 |

1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 23-04-2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|

| | |
|---|---|
| | |
| 2017-18 | 19.06.2018 - 20.06.2018 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 12.07.18-ലെ കെ.എസ്.എ.പി.റ്റി.എ.പി.5/578/ 2018, നമ്പരായി വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് & പേമെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 8061487 |
| വരവ് | 38978320 |
| ആകെ | 47039807 |
| ചെലവ് | 38815484 |
| നീക്കിബാക്കി | 8224323 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 5344444 | 5344444 | 5344444 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3964080 | 3964080 | 3964080 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 14625 | 14625 | 14625 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4832218 | 4832218 | 4832218 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 1879180 | 1879180 | 1879180 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3736758 | 3736758 | 3736758 | 0 |
| ലോക ബാങ്ക് സഹായം | 0 | 161892 | 161892 | 161892 | 0 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ – തനത് ഫണ്ട് അക്കൗണ്ട് | 2362803 | 1908188 | 4270991 | 754480 | 3516511 |
| ട്രഷറി ടി.എസ്.ബി. അക്കൗണ്ട് ജനറൽ പർപ്പസ് | 4227866 | 5611000 | 9838866 | 9642009 | 196857 |
| ട്രഷറി ടി.എസ്.ബി. (ജോയിന്റ് വെഞ്ചർ) | 525000 | 1127000 | 1652000 | 1985388 | -333388 |
| എസ്.ബി.ഐ. (എം.എൻ.ആർ.ജി.എസ്.) | 199 | 7299443 | 7299642 | 7299580 | 62 |

| | | | | | |
|---|---|---|---|---|---|
| ബി-ഫണ്ട് | | 24473280 | 24473280 | 24473280 | 0 |
| കറണ്ട് അക്കൗണ്ടന്റ് തനത് ഫണ്ട് | | 143958 | 143958 | 5357 | 138601 |
| തനത് ഫണ്ട് സർവീസ് കോ ഓപ്പറേറ്റിവ് ബാങ്ക് | 885863 | 9154038 | 10039901 | 5334222 | 4705679 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|
| 154 | 111 | 43 | 72 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| സെക്രട്ടറി | 13 | 9 | 2574606 | 1190695 |
| കൃഷി ഓഫീസർ | 7 | 7 | 17699000 | 1657393 |
| വെറ്റിനറി സർജൻ | 5 | 5 | 1799500 | 522500 |
| വി.ഇ.ഒ. | 10 | 7 | 3675800 | 2031750 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 89 | 57 | 24435222 | 11317463 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 2960000 | 1627573 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 2 | 2 | 858000 | 794606 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 199500 | 199500 |
| മെഡിക്കൽ ഓഫീസർ (ആയ്യുർവ്വേദം) | 2 | 2 | 600000 | 600000 |
| ഹെഡ് മാസ്റ്റർ | 2 | 2 | 769000 | 583040 |
| ഡയറി എക്സ്റ്റൻഷൻ | 2 | 2 | 7582000 | 613210 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 11 | 9 | 2181114 | 1719495 |

പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപ്പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങളുടെ ചുമതലകൾ കൃത്യമായി നിർവ്വഹിച്ചിട്ടില്ല. പദ്ധതിയുടെ വിഭവ സ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തി സഹമായി നിശ്ചയിക്കുക എന്നീ കാര്യങ്ങളിൽ ധനകാര്യ

സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കുണ്ടായ വീഴ്ച കാരണം പല പ്രോജക്ടുകളും സാമ്പത്തിക വർഷാന്ത്യത്തിൽ ഭേദഗതി ചെയ്യേണ്ടി വന്നിട്ടുണ്ട്.

2. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ നടന്ന ചർച്ചകളുടെ വിവരങ്ങളോ, കൈക്കൊണ്ട തീരുമാനങ്ങളോ മിക്ക മിനിട്സിലും ഉണ്ടായിരുന്നില്ലെന്നത് പദ്ധതി ആസൂത്രണ നടപടിക്രമങ്ങളെ ലാഘവ ബുദ്ധിയോടെയാണ് വർക്കിംഗ് ഗ്രൂപ്പുകൾ സമീപിച്ചതെന്നതിന് തെളിവാണ്. പ്രോജക്റ്റ് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.

3. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

4. ഗ്രാമപ്പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് പശ്ചാത്തല മേഖലയിൽ താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു.

5. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം റോഡുകളെ വിഭജിച്ച് ചെറിയ നീളം കോൺക്രീറ്റ്/റീ ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.

6. ഓഡിറ്റ് വർഷം ലഭിച്ച പട്ടികജാതി, പട്ടിക വർഗ്ഗ വികസന ഫണ്ട് യഥാക്രമം 64%, 16% ഉം, റോഡിതര മെയിന്റനൻസ് ഫണ്ട് 61 ശതമാനവും, റോഡ് മെയിന്റനൻസ് ഫണ്ട് 38 ശതമാനവും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

7. ഗ്രാമപ്പഞ്ചായത്തിൽ പൊതു ശ്മശാനവും, അറവു ശാലയും സ്ഥാപിക്കപ്പെട്ടിട്ടില്ല. പൊതു ശ്മശാനവും, അറവു ശാലയും ഇല്ലാത്ത ഗ്രാമപ്പഞ്ചായത്തുകൾ അവ സ്ഥാപിക്കുന്നതിന് വികസന ഫണ്ടിൽനിന്നും നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം നടപ്പാക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

8. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ - പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി, വനിതാ ഘടക പദ്ധതി - അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപ്പഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല (ഉദാ: വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ മിക്ക പ്രോജക്ടുകളും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല).

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4245049 | 8070339 | 3825290 | 90% |
| നികുതിയേതര വരവുകൾ | 665752 | 725130 | 59378 | 8.9% |
| മറ്റ് വരവുകൾ | 61313 | 169563 | 108250 | 176% |

## 1-8 സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം

| ക്രമ നം. | പദ്ധതി | 2017-18-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 18 | 18 | 0 |
| 2 | തൊഴിൽ രഹിത വേതനം | 0 | 0 | 0 |
| 3 | വിധവാ പെൻഷൻ | 33 | 22 | 11 |
| 4 | വികലാംഗ പെൻഷൻ | 13 | 13 | 0 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 0 | 0 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 172 | 139 | 33 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2018, 2 PM-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 11969/- (പതിനോരായിരത്തി തൊള്ളായിരത്തി അറുപത്തി ഒൻപത് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പൊതുനിയന്ത്രണം: ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. പൊതു ആഭ്യന്തര നിയന്ത്രണം തൃപ്തികരമാക്കുന്നതിനാവശ്യമായ നടപടികൾ ഭരണ സമിതി സ്വീകരിച്ചിട്ടുണ്ട്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽവരുത്തി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. .

വരവ് ചെലവുകളിന്മേലുള്ള ബജറ്ററി കൺട്രോൾ തൃപ്തികരമല്ല. വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, UA രജിസ്റ്റർ, ഡിമാന്റ് രജിസ്റ്ററുകൾ, സ്യൂട്ട് രജിസ്റ്റർ, ലേല രജിസ്റ്റർ മുതലായ സുപ്രധാന രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

പേഴ്സണൽ രജിസ്റ്റർ: പേഴ്സണൽ രജിസ്റ്ററുകൾ എല്ലാ സെക്ഷനുകളിലും സൂക്ഷിക്കുന്നില്ല. പേഴ്സണൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ തപാലുകളും, വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളും സെക്ഷനുകൾ യഥാസമയം തീർപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.

അക്കൗണ്ടിംഗ് സംവിധാനം: സാഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തരമുള്ള അക്കൗണ്ടിംഗ് സംവിധാനം തൃപ്തികരമാണ്.

സകർമ്മ സോഫ്റ്റ് വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ്: **24**.07.17 മുതൽ സകർമ്മ സോഫ്റ്റ് വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

പ്രോക്യൂർമെന്റ്: പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷം കമ്മിറ്റി പുനസംഘടിപ്പിച്ചിട്ടുള്ളതായി കണ്ടില്ല.

ആസ്തി സംരക്ഷണം: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 03-08-2018മുതൽ 04-08-2018 വരെ | 06/18 | 04-08-2018 |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 17-04-2008മുതൽ 30-04-2008വരെ | 1997മുതൽ 2008വരെ | 10-07-2008 |

## 1-12 വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം - അവലോകനം

ഗ്രാമപ്പഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. പഞ്ചായത്തിൽ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചേർന്നിട്ടുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | മേഖല | ആകെ അംഗങ്ങളുടെ എണ്ണം | കൂടിയ തീയതി/ ക്വാറം | റിമാർക്സ് |
|---|---|---|---|---|
| ധനകാര്യം | കണക്കുകളും, രേഖകളും തയ്യാറാക്കൽ | 15 | 22-02-2017 9 16-05-2017 8 | പ്രോജക്റ്റ് നിർദ്ദേശങ്ങൾ യാതൊന്നും തന്നെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ പങ്കെടുത്തിട്ടില്ല. |
| വികസനം | 1. കൃഷിയും അനുബന്ധ മേഖലയും | 15 | 22-02-2017 9 16-05-2017 8 | പ്രോജക്റ്റ് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |
| | 2. മൃഗസംരക്ഷണംവും, ക്ഷീര വികസനവും | 15 | 22-02-2017 7 16-05-2017 8 | പ്രോജക്റ്റ് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |
| | 3. പ്രാദേശിക | 15 | 22-02-2017 | വിവിധ തൊഴിൽ സംരഭങ്ങൾ |

| | | | | |
|---|---|---|---|---|
| | സാമ്പത്തിക വികസനം | | 13<br>16-05-2017<br>7 | ആരംഭിക്കുന്നതിനുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഒരു പ്രോജക്ടുപോലും നടപ്പിലാക്കിയിട്ടില്ല. |
| പൊതു മരാമത്ത് | | 15 | 22-02-2017<br>11<br>16-05-2017<br>7 | വർക്കിംഗ് ഗ്രൂപ്പിൽ മതിയായ ക്വാറം ഇല്ലാതെയാണ് കൂടിയിട്ടുള്ളത്. പ്രോജക്ട് നിർദ്ദേശങ്ങൾ യാതൊന്നും തന്നെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥ പങ്കെടുത്തിട്ടില്ല. |
| ക്ഷേമകാര്യം | 1. ദാരിദ്ര്യ ലഘൂകരണം | 15 | 22-02-2017<br>8<br>16-05-2017 | 22-02-2017 ലെ യോഗത്തിൽ<br>നിർവ്വഹണ ഉദ്യോഗസ്ഥൻ പങ്കെടുത്തിട്ടില്ല. പ്രോജക്ട് നിർദ്ദേശങ്ങൾ യാതൊന്നും തന്നെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| | 2. സാമൂഹ്യക്ഷേമം | 15 | 22-02-2017<br>9<br>16-05-2017<br>12 | 22-02-2017 ലെ യോഗത്തിൽ<br>നിർവ്വഹണ ഉദ്യോഗസ്ഥൻ പങ്കെടുത്തിട്ടില്ല. പ്രോജക്ട് നിർദ്ദേശങ്ങൾ യാതൊന്നും തന്നെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| | 3. പട്ടികജാതി പട്ടിക വർഗ്ഗ വികസനം | 15 | 22-02-2017<br>11<br>16-05-2017<br>8 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |
| | 5. സ്ത്രീകളുടേയും കുട്ടികളുടെയും വികസനം | 15 | 22-02-2017<br>7<br>16-05-2017<br>9 | നിർവ്വഹണ ഉദ്യോഗസ്ഥ പങ്കെടുത്തിട്ടില്ല. പ്രോജക്ട് നിർദ്ദേശങ്ങൾ യാതൊന്നും തന്നെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| ആരോഗ്യവും, വിദ്യാഭ്യാസവും | 1. ആരോഗ്യം | 15 | 22-02-2017<br>10 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്ര മാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത് |

| | | | | |
|---|---|---|---|---|
| | | | 16-05-2017<br>9 | |
| | 2. കുടിവെള്ളം, ശുചിത്വം | 15 | 22-02-2017<br>7<br>16-05-2017<br>11 | പ്രോജക്റ്റ് നിർദ്ദേശങ്ങൾ മാത്രം മാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത് |
| | 3. വിദ്യാഭ്യാസം, സാംസ്കാരികം | 15 | 22-02-2017<br>7<br>16-05-2017<br>7 | പ്രോജക്റ്റ് നിർദ്ദേശങ്ങൾ മാത്ര മാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത് |
| വൈദ്യുതി, ഊർജ്ജം | രൂപീകരിച്ചിട്ടില്ല | | | |

വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേരുകയോ, പദ്ധതി രൂപീകരണത്തിലോ, നിർവ്വഹണത്തിലോ സജീവമായ പങ്കാളിത്തം വഹിക്കുകയോ ചെയ്തിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പ്രോജക്ടുകളായി പരിണമിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ കൺവീനറുടെ ഹാജർ നിർബന്ധമാണ്. എന്നാൽ യോഗങ്ങളിൽ മിക്കവയിലും കൺവീനറായ നിർവ്വഹണ ഉദ്യോഗസ്ഥർ പങ്കെടുക്കുന്നില്ല. പദ്ധതികളുടെ മോണിട്ടറിംഗും വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

സാമൂഹ്യ ക്ഷേമത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പ് 16-05-2017 ൽ കൂടുകയുണ്ടായി.ഇതിൽ ഉയർന്നു വന്ന പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. 100 ാം നമ്പർ അങ്കണവാടിയ്ക്ക് അറ്റകുറ്റപ്പണികൾ ആവശ്യമാണ്.

2. 99 ാം നമ്പർ അങ്കണവാടിയ്ക്ക് അടിയന്തിരമായി അടിയന്തിരമായി കെട്ടിടം നിർമ്മിക്കണം.

3.94,95,91,96,98,99,102,108,112,117 എന്നീ 10 അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി

കെട്ടിടം നിർമ്മിക്കണം.

4.103 ാം നമ്പർ അങ്കണവാടിയുടെ അടുക്കള ടൈൽ ഇടണം.

5. 101 ാം നമ്പർ അങ്കണവാടിയ്ക്ക് മുറ്റം കെട്ടണം,വരാന്തയ്ക്ക് ഗ്രിൽ ഇടണം.

മേൽ നിർദ്ദേശങ്ങൾക്കു പുറമേ എല്ലാ അങ്കണവാടികൾക്കും കുടിവെള്ള സൗകര്യം ഉറപ്പാക്കണമെന്നും 23/05/2017 ൽ കൂടിയ വികസന സെമിനാർ ചർച്ച ചെയ്തിരുന്നു.

ഇതിൽ 101 ാം നമ്പർ അങ്കണവാടി നവീകരണത്തിനായി തൻവർഷം 2 ലക്ഷം രൂപ വകയിരുത്തിയെങ്കിലും 40595 രൂപ മാത്രമാണ് ചെലവഴിച്ചത്. അതേ പോലെ 103,104 ാം നമ്പർ അങ്കണവാടികൾക്കായി 1.37 ലക്ഷം രൂപ വകയിരുത്തിയെങ്കിലും 50585 രൂപ മാത്രമാണ് ചെലവഴിച്ചത്. വാർഡ് 3 ലെ 96 ാം നമ്പർ അങ്കണവാടിയുടെ നിർമ്മാണത്തിനായി 6 ലക്ഷം രൂപ വകയിരുത്തിയതിൽ 208388 രൂപ ചെലവഴിച്ച് നിർമ്മാണം പാതിവഴിയിലാണ്. വാർഡ്-13 ലെ 99 ാം നമ്പർ അങ്കണവാടിയുടെ നിർമ്മാണത്തിനായി 6.58 ലക്ഷം രൂപ വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചിരുന്നില്ല.

10 അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും ഇതിനായി സ്ഥലം കണ്ടെത്തി കെട്ടിടങ്ങൾ നിർമ്മിക്കണമെന്നുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശത്തെ ഗ്രാമപ്പഞ്ചായത്തിന്റെ ഭരണസമിതി ഗൗരവമായി

എടുക്കേണ്ടതും മറ്റ് അങ്കണവാടിവാടികളിലെ മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ദാരിദ്ര ലഘൂകരണത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പ് 16.05.2017 ൽ കൂടുകയുണ്ടായി. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി NREGS മുഖേന കിണറുകൾ നിർമ്മിച്ചു നൽകണം എന്നും പൊതുടാപ്പുകളുടെ എണ്ണം കുറച്ച് ഗാർഹികാവശ്യങ്ങൾക്കുവേണ്ടിയുള്ള പൈപ്പ് കണക്ഷനുകൾ നൽകാൻ പദ്ധതികൾ ആവിഷ്കരിക്കണമെന്നും പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശം നൽകി.

ആശ്രയ കുടുംബങ്ങൾക്ക് ഭക്ഷണക്കിറ്റ് കുറേ നാളുകളായി നൽകുന്നില്ലായെന്നും ആശ്രയ പ്രവർത്തനം നല്ല രീതിയിലല്ല നടക്കുന്നതെന്നും 23.05.2017 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പിൽ അഭിപ്രായം വന്നിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് തൻവർഷം വെറും 50000 രൂപ മാത്രമാണ് വികസനഫണ്ടിൽ വകയിരുത്തിയത്.(പ്രൊജക്റ്റ് നം:4)

14.02.2018 ൽ നടന്ന വർക്കിംഗ് ഗ്രൂപ്പിൽ ഗ്രാമപഞ്ചായത്തിൽ 14 ഭവനരഹിതരും 47 ഭൂരഹിത ഭവനരഹിതരും ഉള്ളതായും ഇവർക്കായി 4 കോടി രൂപ ആവശ്യമുള്ളതായും മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾ നടപ്പായിട്ടില്ല. തൻ വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇവയിൽ ഭവനനിർമ്മാണത്തിനായി 3 പേർക്ക് തുക നൽകിയിട്ടുണ്ട്. എന്നാൽ ഭൂരിഭാഗവും ചെലവഴിച്ചിട്ടുള്ളത് ഭവന പുനരുദ്ധാരണത്തിനായിരുന്നു.

| പ്രൊജക്റ്റ് നമ്പർ/പേര് | ഗുണഭോക്താക്കളുടെ എണ്ണം | സബ്സിഡി തുക | അകെ ചെലവഴിച്ച തുക |
|---|---|---|---|
| 20/2017-18,വീട് വാസയോഗ്യമാക്കൽ | 13 | 60000 | 780000 |
| 22/2017-18,വിധവകളായ സ്ത്രീകളുടെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം | 3 | 50000 | 150000 |
| 34/2017-18, വീട് വാസയോഗ്യമാക്കൽ (S.C.P) | 10 | 60000* (ഒരാൾ രണ്ടാം ഗഡു 30000 രൂപ കൈപ്പറ്റിയിട്ടില്ല.) | 570000 |
| 116/2017-18, സ്ത്രീ കുടുംബനാഥയായ കുടുംബങ്ങൾക്ക് വീട് പുനരുദ്ധാരണം. | 1 | 25000 | 25000 |
| ലൈഫ് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം | 3 | 80000 | 240000 |

ഇവ കൂടാതെ പൂർത്തീകരിക്കാത്ത I.A.Y പദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെ നിർമ്മാണത്തിനായി 246750 രൂപ പ്രൊജക്റ്റ് നമ്പർ 171 പ്രകാരം ഇലഞ്ഞൂർ B.D.O യ്ക്ക് കൈമാറിയിട്ടുണ്ട്.

സ്ത്രീകളുടേയും കുട്ടികളുടേയും വികസനത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് ബുക്ക് അപൂർണ്ണമാണ്.

16.05.2017 ൽ വർക്കിംഗ് ഗ്രൂപ്പ് കൂടിയതായി ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മിനിട്സ് എഴുതിയിട്ടില്ല. 23.05.2017 ൽ കൂടിയ വികസന സെമിനാറിൽ അങ്കണവാടികളെക്കുറിച്ച് സാമൂഹ്യ ക്ഷേമത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പിലെ നിർദ്ദേശം മാത്രമാണ് വന്നിട്ടുള്ളത്. ഇവ കൂടാതെ ഉയർന്നു വന്ന നിർദ്ദേശങ്ങൾ 35 വയസ്സു കഴിഞ്ഞ സ്ത്രീകൾക്ക് ക്യാൻസർ രോഗ നിർണ്ണയ ക്യാമ്പ്, കുടുംബശ്രീ വിപണന കേന്ദ്രം, കുടുംബശ്രീ യൂണിറ്റുകൾക്ക് തട്ടുകട,തയ്യൽ യൂണിറ്റ് എന്നിവയായിരുന്നു. പിന്നീട് രണ്ടു തവണ യോഗം കൂടിയെങ്കിലും യോഗ തീയതി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

പട്ടികജാതി/പട്ടിക വർഗ്ഗ വികസനത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് ബുക്ക് അപൂർണ്ണമാണ്. 16.05.2017 ൽ വർക്കിംഗ് ഗ്രൂപ്പ് കൂടിയതായി ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മിനിട്സ് എഴുതിയിട്ടില്ല. 23.05.2017 ൽ കൂടിയ വികസന സെമിനാറിൽ വിവിധ നിർദ്ദശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. തൻ വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി താഴെപ്പറയുന്ന പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികജാതി/പട്ടിക വർഗ്ഗ വികസനത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/പേര് | ഗുണഭോക്താക്കളുടെ എണ്ണം | അകെ ചെലവഴിച്ച തുക |
|---|---|---|
| 25/2017-18,പട്ടികജാതി രക്ഷകർത്താക്കളുടെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം | 5 | 375000 |
| 26/2017-18,പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം | 11 | 288640 |
| 27/2017-18,പട്ടികജാതി പെൺകുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം | 17 | 446080 |
| 28/2017-18,പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം | 22 | 107950 |
| 29/2017-18,പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം | 40 | 187600 |
| 30/2017-18,പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വിതരണം | 40 | 149600 |
| 120/2017-18,സൈക്കിൾ വിതരണം(TSP) | 3 | 14625 |

ഇവ കൂടാതെ വാർഡ്-1 ലെ കല്ലുകാല കോളനിയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് 30000രൂപയും

(പ്രൊജക്ട് നം:122) വാർഡ് 2 ലെ അംബേദ്കർ കോളനിയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് 120000 രൂപയും (പ്രൊജക്ട് നം:158) കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. പൊതുടാപ്പുകളുടെ എണ്ണം കുറച്ച് ഗാർഹികാവശ്യങ്ങൾക്കുവേണ്ടിയുള്ള പൈപ്പ് കണക്ഷനുകൾ നൽകാൻ പദ്ധതികൾ ആവിഷ്കരിക്കണമെന്നുമുള്ള ദാരിദ്ര ലഘൂകരണത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശത്തിനു വിരുദ്ധമാണ്.

സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സംബന്ധിച്ച അവലോകനം.

01.02.2017 ലെ ഒന്നാം തീരുമാനമായി 2017-18 ലെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ചു.

| ക്രമ നമ്പർ | പ്രധാന നിർദ്ദേശങ്ങൾ | നിലവിലെ അവസ്ഥ |
|---|---|---|
| 1 | ഭിന്നശേഷിയുള്ള കുട്ടികളെ നോക്കുന്ന രക്ഷിതാക്കൾക്ക് പ്രതിമാസം 5000 രൂപ ഓണറേറിയം എന്ന നിലയിൽ ബഡ്ജറ്റിൽ 6 ലക്ഷം രൂപ വകയിരുത്തണം. | 36 ഗുണഭോക്താക്കൾക്കായി 6 ലക്ഷം രൂപ ചെലവഴിച്ചു. |
| 2 | സ്വന്തമായി കെട്ടിടങ്ങളുടള്ള അങ്കണവാടികൾക്ക് LCD പ്രൊജക്ടർ വാങ്ങുന്നതിന് 3 ലക്ഷം രൂപ വകയിരുത്തണം. | തുക വകയിരുത്തിയില്ല. |
| 3 | അങ്കണവാടികൾ ശിശു സൗഹൃദമാക്കുന്നതിനു (ചുമരുകൾ ചിത്രലേഖനം നടത്തുക,പെയിന്റ് ചെയ്യുക) 5 ലക്ഷം വകയിരുത്തണം. | തുക വകയിരുത്തിയില്ല. |
| 4 | പഞ്ചായത്ത് ജാഗ്രതാ സമിതിയുടെ പ്രവർത്തനത്തിനു വേണ്ടി 20000 രൂപ വകയിരുത്തണം. | തുക വകയിരുത്തിയില്ല. |
| 5 | പഞ്ചായത്തിലെ 18 അങ്കണവാടികളിലേയും കൗമാരക്കാരായ പെൺകുട്ടികൾക്ക് എല്ലാ മാസവും ബോധവൽക്കരണ ക്ളാസ്സുകൾ | തുക വകയിരുത്തിയില്ല. |

| | | |
|---|---|---|
| | നടത്തുന്നതിന് 216000 രൂപ വകയിരുത്തണം. | |
| 6 | അങ്കണവാടികളിൽ ലാപ്ടോപ്പുകൾ വാങ്ങി നൽകുന്നതിന് 5 ലക്ഷം വകയിരുത്തണം. | 4 അങ്കണവാടികൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകി. ഇതിനായി 141800 രൂപ ചെലവഴിച്ചു. |
| 7 | ഭിന്നശേഷിക്കാർക്കും ശാരീരിക അവശതകളുള്ളവർക്കും ട്രൈസ്കൂട്ടർ, വാട്ടർ ബഡ്, വാക്കർ,ക്രച്ചസ് എന്നിവ വാങ്ങുന്നതിന് 5 ലക്ഷം രൂപ വകയിരുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോടു ആവശ്യപ്പെട്ടു. | തുക വകയിരുത്തിയില്ല. |
| 8 | പാർപ്പിടം ഇല്ലാത്തവർക്ക് പാർപ്പിടം നിർമ്മിക്കുന്നതിന് 1 കോടി രൂപ വകയിരുത്തുക. | തുക വകയിരുത്തിയില്ല. |
| 9 | ഭൂരഹിതരായ ആളുകൾക്ക് ഭൂമി വാങ്ങുന്നതിന് 10 ലക്ഷം രൂപ വകയിരുത്തണം. | തുക വകയിരുത്തിയില്ല. |
| 10 | മാതാപിതാക്കളില്ലാത്ത പെൺകുട്ടികളുടെ രക്ഷിതാക്കൾക്ക് വിവാഹ ധനസഹായം ലഭ്യമാക്കുന്നതിനായി 5 ലക്ഷം രൂപ വകയിരുത്തണം | അസിസ്റ്റന്റ് സെക്രട്ടറി 3.75 ലക്ഷം രൂപയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1.5 ലക്ഷം രൂപയും ചെലവഴിച്ചു. |

| | | |
|---|---|---|
| 11 | കുടുംബശ്രീയ്ക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് 5 ലക്ഷം വകയിരുത്തണം. | തുക വകയിരുത്തിയില്ല. |
| 12 | അഗതി,ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് പാർപ്പിടം,ഭക്ഷണം, വസ്ത്രം, മരുന്ന്, എന്നിവ ലഭ്യമാക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തണം. | തുക വകയിരുത്തിയില്ല.പഞ്ചായത്ത് വികസനഫണ്ടിൽ നിന്നും 50000 രൂപ മാത്രമാണ് ചെലവഴിച്ചത്. |
| 13 | കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും തൊഴിൽ പരിശീലനം നൽകുന്നതിനും വേണ്ടി 5 ലക്ഷം രൂപ വകയിരുത്തണം. | തുക വകയിരുത്തിയില്ല. |
| 14 | പഞ്ചായത്തിന്റെ നേതൃത്വത്തിൽ ബഡ്സ് സ്കൂൾ ആരംഭിച്ച് കെട്ടിടം പണിയുന്നതിന് 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തണം. | തുക വകയിരുത്തിയില്ല. |

## 1-13 വാർഷിക കണക്കിലെ അപാകതകൾ

2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വസ്തു നികുതി ഡിമാന്റ് കളക്ഷൻ - സാംഖ്യ, സഞ്ചയാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല
2. അസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-11 പ്രകാരമുള്ള fixed assets-ന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെടാനായിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - അവലോകനം

നികുതി നികുതിയേതര വരവ് ഇനങ്ങളുടെ ഡിമാന്റിന്റേയും പിരിവിന്റെയും കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുക, പുതിയ റവന്യൂ വരവുകൾ കണ്ടെത്താൻ നടപടി സ്വീകരിക്കുക, നികുതി പിരിവ് കാര്യക്ഷമമാക്കുക രേഖകളുടെയും,

രജിസ്റ്ററുകളുടെയും കൃത്യമായ സൂക്ഷിപ്പ് ഉറപ്പുവരുത്തുക, പ്രതിമാസ വരവ് ചെലവ് അക്കൗണ്ടുകൾ പരിശോധിച്ച് അംഗീകരിക്കുക എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്നു. ഓഡിറ്റ് വർഷം 15 തവണ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ കാരണം 2017-18വർഷം വസ്തു നികുതിയിനത്തിൽ 100 % പിരിവുണ്ട്. ആയത് അഭിനന്ദനാർഹമാണ്.പുതിയ റവന്യൂ വരവുകൾ കണ്ടെത്തി പഞ്ചായത്തിന്റെ റവന്യൂ വരവ് വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികളൊന്നും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. പ്ലാസ്റ്റിക് പരിപാലന ചട്ടം നിലവിൽ വന്നിട്ടുള്ള സാഹിചര്യത്തിൽ ചട്ടത്തിൽ പറയുന്ന പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജന ഫീസ് പഞ്ചായത്തുകൾക്ക് ഈടാക്കാവുന്നതാണ്. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുമായിരുന്ന ഗണ്യമായ ഫീസ് പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

## 2-2 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നം | സ്ഥാപനങ്ങളുടെ പേര് | തൊഴിൽനികുതി ഈടാക്കാത്ത കാലയളവ് |
|---|---|---|
| 1 | ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസ്, ഇലന്തൂർ. | ഒന്നും,രണ്ടും അർദ്ധവർഷങ്ങൾ. |
| 2 | മാവേലി സ്റ്റോർ, ഇലന്തൂർ. | ഒന്നും,രണ്ടും അർദ്ധവർഷങ്ങൾ. |
| 3 | ടി വി എസ് സുന്ദരം അയ്യൻകാർ & സൺസ് പ്രൈവറ്റ് ലിമിറ്റഡ്, ഇലന്തൂർ. | ഒന്നും,രണ്ടും അർദ്ധവർഷങ്ങൾ. |
| 4 | ഇ വി എം മോട്ടോഴ്സ്, ഇലന്തൂർ. | ഒന്നും,രണ്ടും അർദ്ധവർഷങ്ങൾ. |
| 5 | ടാറ്റാ മോട്ടോഴ്സ്, ഇലന്തൂർ. | ഒന്നും,രണ്ടും അർദ്ധവർഷങ്ങൾ. |
| 6 | സ്റ്റാർ മോട്ടോഴ്സ്, വാര്യാപുരം | ഒന്നും,രണ്ടും അർദ്ധവർഷങ്ങൾ. |

## 2-3 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2017-18 വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം, താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| നം | പേര്/അഡ്രസ് | സ്ഥാപനത്തിന്റെ പേര് | വാർഡ്നം / വീട്ടുനമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | ശ്രീ സജി റ്റി കെ ആലുനിൽക്കുന്നതിൽ ഇലന്തൂർ | ലക്ഷ്മി എന്റർപ്രൈസസ് | 111/116 | ഹോളോബ്രിക്സ് നിർമ്മാണം | 5 |
| 2 | രാകേഷ് ബാബു രാകേഷ് ഭവൻ, അയിരൂർ സൗത്ത് പി ഒ | ആർ & ബി ടൈൽ & ഇന്റർലോക്ക് വർക്സ് | VIII/78A | ഹോളോബ്രിക്സ് നിർമ്മാണം. | 4 |
| 3 | കെ സി ഏബ്രഹാം കരിമ്പുകണ്ടത്തിൽ | മറിയം എന്റർപ്രൈസസ് | VI/389 | ഹോളോബ്രിക്സ് നിർമ്മാണം. | 4 |

| | | | | | |
|---|---|---|---|---|---|
| | വീട്, ഇലഞ്ഞുർ ഈസ്റ്റ് പി ഒ, വാര്യാപുരം. | | | | |
| 4 | തോമസ് മാത്യൂ ഇലപ്പ നിൽക്കുന്നതിൽ ഇലഞ്ഞുർ ഈസ്റ്റ് പി ഒ | ടോപ്പാസ് ഇൻഡസ്ട്രീസ് | VII/255 | ഹോളോബ്രിക്സ് നിർമ്മാണം. | 5 |
| 5 | സജീവ് കെ പി കാഞ്ഞിരം നിൽക്കുന്നതിൽ തോന്യാമല പി ഒ | തപസ്യാ ഹോളോബ്രിക്സ് | IV/647 | ഹോളോബ്രിക്സ് നിർമ്മാണം. | 3 |

ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്തത് കാരണം ഗ്രാമപ്പഞ്ചായത്തിന് വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്. കുടിശ്ശികത്തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 ഒരേ തരത്തിലുള്ള സ്ഥാപനഉടമകളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഒരേ തരത്തിലുള്ള സ്ഥാപനഉടമകളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| നം | പേര്/അഡ്രസ് | സ്ഥാപനത്തിന്റെ പേര് | വാർഡ്നം / വീട്ടുനമ്പർ | സ്ഥാപനം | ഈടാക്കിയലൈസൻസ് ഫീസ് |
|---|---|---|---|---|---|
| 1 | ശ്രീ സജി റ്റി കെ ആലുനിൽക്കുന്നതിൽ ഇലഞ്ഞുർ | ലക്ഷ്മി എന്റർപ്രൈസസ് | 111/116 | ഹോളോബ്രിക്സ് നിർമ്മാണം | 1500 |
| 2 | രാകേഷ് ബാബു രാകേഷ് ഭവൻ, അയിരുർ സൗത്ത് പി ഒ | ആർ & ബി ടൈൽ & ഇന്റർലോക്ക് വർക്സ് | VIII/78A | ഹോളോബ്രിക്സ് നിർമ്മാണം. | 500 |
| 3 | കെ സി ഏബ്രഹാം കരിമ്പുകണ്ടത്തിൽ വീട്, ഇലഞ്ഞുർ ഈസ്റ്റ് പി ഒ, വാര്യാപുരം. | മറിയം എന്റർപ്രൈസസ് | VI/389 | ഹോളോബ്രിക്സ് നിർമ്മാണം. | 500 |
| 4 | തോമസ് മാത്യൂ ഇലപ്പ നിൽക്കുന്നതിൽ ഇലഞ്ഞുർ ഈസ്റ്റ് പി ഒ | ടോപ്പാസ് ഇൻഡസ്ട്രീസ് | VII/255 | ഹോളോബ്രിക്സ് നിർമ്മാണം. | 750 |
| 5 | സജീവ് കെ പി കാഞ്ഞിരം നിൽക്കുന്നതിൽ | തപസ്യാ ഹോളോബ്രിക്സ് | IV/647 | ഹോളോബ്രിക്സ് നിർമ്മാണം. | 750 |

| | | | | | | |
|---|---|---|---|---|---|---|
| | തോന്ന്യാമല പി ഒ | | | | | |

മേൽപ്പറഞ്ഞ ഹോളോബ്രിക്സ് നിർമ്മാണ സ്ഥാപന ഉടമകൾ സമർപ്പിച്ച അപേക്ഷകളിൽ ഒന്നും തന്നെ ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 ഡി&ഒ ലൈസൻസ്- ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലൈസൻസ് എടുക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പായി പഞ്ചായത്തിൽ സമർപ്പിച്ച് ലൈസൻസ് നേടേണ്ടതാണ്. എന്നാൽ 2017-18 വർഷം ലൈസൻസ് എടുത്തിട്ടുള്ള 226 സ്ഥാപനങ്ങളിൽ 13 എണ്ണം മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. യഥാസമയം ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നത്, ഈ വിഷയത്തിൽ അധികൃതർ പുലർത്തുന്ന അനാസ്ഥയാണ് വെളിവാക്കുന്നത്. വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ചട്ടപ്രകാരം യഥാ സമയം ലൈസൻസ് പുതുക്കുന്നുവെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

## 2-6 മൊബൈൽടവറുകൾക്ക് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർ ഫീസ് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽടവറുകളോട് അനുബന്ധമായി സ്ഥാപിച്ചിരിക്കുന്ന ജനറേറ്ററുകളുടെ മോട്ടോർ ഫീസ് ഈടാക്കുന്നില്ല. ജനറേറ്ററുകളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ മോട്ടോർ ഫീസ് കണക്കാക്കി, മൊബൈൽ ടവർ ഉടമകളിൽ നിന്നും ഈടാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ താമസംവിനാ ബോധ്യപ്പെടുത്തേണ്ടതാണ്.

## 2-7 കടമുറി ഒഴിഞ്ഞുകിടക്കുന്നു

പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ളക്സിലെ 8ാം നം കടമുറി ഒഴിഞ്ഞുകിടക്കുകയാണ്. ഈ മുറി നിലവിൽ ഉപയോഗശൂന്യമായ അവസ്ഥയിലാണ്. ആയത് അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തി ലേലം ചെയ്ത് വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കിയില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം ടി ചട്ടം നിലവിൽ വന്ന് ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത് മേൽ ചട്ടം സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തിയിട്ടുണ്ട്. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരീബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യരീബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,000 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജന ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി)വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം മാലിന്യ നിർമ്മാർജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം /ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതിൻമേൽ ഗ്രാമപഞ്ചായത്ത് 2017-18 വർഷം നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. ടി ചട്ടം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 14 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയവ ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പദ്ധതി നിർവ്വഹണവും

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ച കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഒരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട മുന്നൊരുക്കങ്ങളും ഇടപെടലും നടത്തുക, ആവശ്യമായ നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും, വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക, വികസന കാഴ്ചപ്പാട് രേഖ തയ്യാറാക്കി ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുക തുടങ്ങിയവ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളാണ്. കൃഷി അനുബന്ധ മേഖലകൾ, മൃഗസംരക്ഷണവും, ക്ഷീരവികസനം, ചെറുകിട വ്യവസായം, പൊതുമരാമത്ത്, പാർപ്പിടം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്നു. ഓഡിറ്റ് വർഷം വികസന സ്റ്റാന്റിംഗ് കമ്മിറ്റി 14 യോഗങ്ങൾ ചേർന്നിട്ടുണ്ട്.

13-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷം എന്ന നിലയിൽ അടുത്ത അഞ്ച് വർഷം പഞ്ചായത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് ഒരു സമഗ്ര കാഴ്ചപ്പാട് രൂപീകരിക്കുകയും, ദീർഘവീക്ഷണത്തോടെ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യേണ്ടത് പഞ്ചായത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. വിവിധ വികസന മേഖലകൾ അഭിമുഖീകരിക്കുന്ന അടിസ്ഥാന പ്രശ്നങ്ങൾ അപഗ്രഥിച്ച് അവസ്ഥാ രേഖ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നുവെന്നത് ഉറപ്പുവരുത്തുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് സാധിച്ചിട്ടില്ല. കാർഷിക മേഖലയിൽ നടപ്പിലാക്കിയ ഭൂരിപക്ഷം പ്രോജക്ടുകളും വളത്തിന് സബ്സിഡി നൽകുന്നതിനുള്ളവയായിരുന്നു. തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിനും, ആധുനിക ശാസ്ത്രീയ കാർഷിക രീതികൾ നടപ്പിലാക്കുന്നതിനും, ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

പൊതുമരാമത്ത് മേഖലയിൽ പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതി ആവിഷ്കരിക്കുന്നതിനു പകരം, വാർഡ് വികസനമെന്ന സങ്കുചിത കാഴ്ചപ്പാടോടെയാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനാൽ പ്രവൃത്തികൾ സമയബന്ധിതമായും, ഫലപ്രദമായും നടപ്പിലാക്കുന്നതിന് സാധിക്കുന്നില്ല. പഞ്ചായത്ത് അനിവാര്യമായും നടപ്പിലാക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ശ്മശാനം, അറവു ശാല എന്നിവ സ്ഥാപിക്കുന്നതിനോ, ഫലപ്രദമായ ഖരമാലിന്യ പരിപാലന പരിപാടികൾ നടപ്പിലാക്കുന്നതിനോ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

വികസന സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും, മോണിട്ടറിംഗിലും ജാഗ്രത പുലർത്താതിരുന്നതു മൂലം പദ്ധതി നിർവ്വഹണത്തിലുണ്ടായ അപാകതകൾ തുടർന്നുള്ള ഖണ്ഡികകളിൽ പരാമർശിക്കുന്നു.

## 3-2 ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ - ചെലവ് വൗച്ചറുകൾ ഹാജരാക്കിയില്ല

2017-18 സാമ്പത്തിക വർഷം ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട് ചെലവ് വൗച്ചറുകൾ, ഗുണഭോക്തൃസമിതി മിനിട്ട്സ് എന്നിവ ഹാജരാക്കേണ്ടതാണ്.

| *ക്രമ നം.* | *പ്രവൃത്തി/ പ്രൊജക്ട് നം.* | *പ്രവൃത്തിമൂല്യം* | *ചെലവ് വിവരം* | *കൺവീനറുടെ പേര്* |
|---|---|---|---|---|
| 1 | കൊല്ലംപാറ കോളനിയിൽ സ്റ്റെപ്പ് കെട്ട് (75/18) | 94231 | ബിൽ നം. 5700885523/ 12.1.18 എം.ബുക്ക് നം. 59/17-18 | പ്രശോഭാഷാജി |

| | | | | |
|---|---|---|---|---|
| 2 | ചിറമേൽ സ്കൂളിന് അടുക്കള (67/18) | 376998 | ബിൽ നം. 700494805/ 26.9.17 എം.ബുക്ക് നം. 48/17-18 | കെ കെ രാജൻ |
| 3 | സെന്റ് പോൾസ് ചർച്ച് പൂന്നേൻ കുളത്തിൽ ലക്ഷംവീട് കോളനി റോഡ് (89/18) | 209284 | ബിൽ നം. 5700464730/ 18.9.17-1177 5700463742/ 18.9.17-160715 5700463737/ 18.9.17-47392 | സെയ്യോൻ പി എം |
| 4 | അഫാനിയിൽ കോളനിയിൽ റോഡ് കോൺക്രീറ്റിംഗ് (71/18) | 90938 | ബിൽ നം. 5700509203/ 28.9.17 എം.ബുക്ക് നം. 48/17-18 | വർഗീസ് തോമസ് |
| 5 | 101-ാം നമ്പർ അംഗൻവാടി നവീകരണം (67/18) | 200718 | ബിൽ നം. 5700249952/ 13.7.17-40585 5055200130 1217/30.3.17 - 199282 | പ്രദീപ് ലളിതാലയം |
| 6 | കാവിൽപടി വെള്ളാപ്പള്ളിൽപടി റോഡ് | 102289 | ബിൽ നം. 570021921/ 30.6.17-15204 5700212918/ 30.6.17-87085 എം.ബുക്ക് നം. 48/17-18 | കെ വി മാത്യു |
| 7 | വാർണേത്തുപ്പടി മണമ്പാറ കൈതയ്ക്കൽ റോഡ് (90/18) | 124045 | ബിൽ നം. 5700454239/ 14.9.17 | എൻ ബിനു |

മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ ചെലവ് വൗച്ചറുകൾ ഹാജരാക്കാത്തതിനാൽ 1198503/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 ടെണ്ടർ കുറവ് വരുത്താതെ കരാറുകാർക്ക് പ്രതിഫലം നൽകിയത് അംഗീകരിക്കുന്നില്ല

2017-18 സാമ്പത്തിക വർഷം കരാറുകാർ മുഖേന നിർവ്വഹണം നടത്തിയ റോഡ് റീടാറിംഗ്/ കോൺക്രീറ്റിംഗ് പ്രവൃത്തികൾ, മറ്റ് അറ്റകുറ്റപ്പണികൾ തുടങ്ങിയവയുടെ ഫൈനൽ ബില്ലിൽ നിന്നും ടെണ്ടർ കുറവ് വരുത്താതെയാണ് കരാറുകാർക്ക് പ്രതിഫലം നൽകിയിട്ടുള്ളത്. പ്രവൃത്തികളുടെ വിവരവും, ടെണ്ടർ കുറവും, കരാറുകാരിൽ നിന്നും ഈടാക്കേണ്ട തുകയുടെ വിവരവും ചുവടെ ചേർക്കുന്നു. ഓഡിറ്റ് എൻക്വയറി (നം.12/17.09.2018) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| *ക്രമ നം.* | *പ്രവൃത്തി/ പ്രൊജക്ട് നം.* | *കരാറുകാരൻ* | *ടെണ്ടർ നിരക്ക്* | *പ്രവൃത്തി മൂല്യം/ ചെലവ് വിവരം* | *ടെണ്ടർ കുറവ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന* |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | തുക |
| 1 | സെന്റ് പോൾസ് ചർച്ച് പൂന്നേൻ കുളത്തിൽ സൈഡ്കെട്ട് (89/18) അടങ്കൽ- 300000 | സന്തോഷ് കുമാർ എം കെ | 0.3% below | 258440/- ചെക്ക് നം. 314687/27.3.18 | 775/- |
| 2 | കൊല്ലംപടി ഓതിരേത്ത് പടി റോഡ് (143/18) അടങ്കൽ - 100000 | ഗോപിനാഥൻ നായർ | 0.95% below | 99242/- ബിൽ നം. 701275576/ 24.3.18 | 943/- |
| 3 | അംഗൻവാടിയ്ക്ക് ചുറ്റമതിൽ ഗേറ്റ്, ഗ്രിൽ, മുറ്റത്ത് ടൈൽ പാകൽ (140/18) അടങ്കൽ - 250000 | ഗോപിനാഥൻ നായർ | 0.95% below | 225749/- ചെക്ക് നം. 1360891/ 28.3.18 | 2145/- |
| 4 | കുറുപ്പിന്റെയ്യത്ത് പടി വിളയിൽ പടി റോഡ് (93/18) അടങ്കൽ - 233054 | മധുസൂദനൻ നായർ | 0.2% below | 232793/- ബിൽ നം. 2205177/ 24.5.18-46239 5701358421/ 28.3.18-186554 | 574/- |
| 5 | മർത്തോമാ ഓഡിറ്റോറിയം കാപ്പിൽപ്പടി റോഡ് സൈഡ് വാൽ (97/18) അടങ്കൽ - 300000 | എം കെ സന്തോഷ് കുമാർ | 0.2% below | 295585/- ബിൽ നം. 5701238382/ 21.3.18 | 591/- |
| 6 | കിഴക്കേമുത്തയ്ക്കൽ പടി മേമുറിഭാഗം റോഡ് കോൺക്രീറ്റിംഗ് (166/18) അടങ്കൽ - 200000 | പി കെ സുനിൽ കുമാർ | 0.6% below | 208684/- ബിൽ നം. 5701342160/ 28.3.18 | 1252/- |
| 7 | പത്മാലയപ്പടി ഇളവുനിൽ- ക്കുന്നതിൽപ്പടി റോഡ് (166/18) | എം കെ സന്തോഷ് കുമാർ | 0.2% below | 299250/- ബിൽ നം. 5701244788/ 22.3.18 | 599/- |

| | | | | | |
|---|---|---|---|---|---|
| | അടങ്കൽ - 300000 | | | | |
| 8 | ഇല്ലത്തുകാലാപ്പടി വെളിയത്തുപടി റോഡ് (49/18) അടങ്കൽ - 233054 | ഗോപിനാഥൻ നായർ | 0.99% below | 232797/- ബിൽ നം. 2205139/ 27.2.18-46500 700860595/ 5.1.18-186297 | 2305/- |
| 9 | തുമ്പോൻതറ പുല്ലോനാൻ–ക്കുഴി റോഡ് (42/18) | ഗോപിനാഥൻ നായർ | 0.99% below | 106392/- ബിൽ നം. 5701351352/ 28.03.18 | 1053/- |
| 10 | ഇലന്തൂർ GHSS-തേക്കതിൽ റോഡ് (129/18) അടങ്കൽ 325000 | മോഹനൻ സി ജി | 0.99% below | 323800/- ബിൽ നം. 3008105/ 27.2.18-300000 5700885517/ 12.1.18-23800 | 3206/- |
| 11 | തുണിയിൽ–ശില്പഭവനംപടി നടപ്പാത (110/18) അടങ്കൽ 93000 | മോഹനൻ സി ജി | 0.99% below | 82621/- ബിൽ നം. 2205141/ 1.3.18 | 826/- |
| 12 | മുറ്റത്തിൽപ്പടി മണ്ണത്തുപാറ (128/18) അടങ്കൽ 160600 | മോഹനൻ സി ജി | 0.99% below | 158538/- ബിൽ നം. 2205141/ 1.3.18 | 1585/- |
| 13 | ചെമ്പകകുന്നിൽ–ഇഞ്ചക്കുഴി റോഡ് (39/18) അടങ്കൽ 200000 | പ്രഭ എം വി | 0.5% below | 178732/- ബിൽ നം. 5701238388/ 21.3.18 | 894/- |
| | | | | ആകെ | **16748** |

പ്രസ്തുത തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി ഒടുക്കേണ്ടതാണ്.

## 3-4 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പദ്ധതി നിർവ്വഹണവും

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ പ്രകിയകളിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഓരോ മേഖലകളിൽ ആസൂത്രണം സുഗമമാക്കുന്നതിനും വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം കൊടുത്തിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ 4 വർക്കിംഗ് ഗ്രൂപ്പുകളാണ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കേണ്ടത്. ഇവ താഴെ പറയുന്നു.

1.ദാരിദ്ര്യ ലഘൂകരണം

2.കുട്ടികൾ,ഭിന്നശേഷിക്കാർ,വൃദ്ധർ,സാമൂഹ്യ സുരക്ഷാ മിഷൻ.

3.വനിതാ വികസനം

4.പട്ടികജാതി,പട്ടികവർഗ്ഗം

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മീറ്റിംഗുകളിലെ പ്രധാന നടപടി വിവിധ പെൻഷണുകൾക്ക് ശുപാർശ ചെയ്യുക എന്നതാണ്. തൻ വർഷം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുകയും ജനറൽ കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്ത ക്ഷേമ പെൻഷൻ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷൻ ഇനം | ശുപാർശ ചെയ്തത് | നിരസിച്ചത് |
|---|---|---|---|
| 1 | വാർദ്ധക്യ കാല പെൻഷൻ | 124 | 5 |
| 2 | വിധവാ പെൻഷൻ | 25 | 0 |
| 3 | വികലാംഗ പെൻഷൻ | 0 | 0 |
| 4 | കർഷക തൊഴിലാളി പെൻഷൻ | 9 | 0 |
| 5 | 50 കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 1 | 0 |
| 6 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പെൻഷൻ | 14 | 0 |
| | ആകെ | **173** | **5** |

തൻ വർഷം വിവിധ പെൻഷണുകൾക്കായി 173 പേരെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

തൻ വർഷം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉയർന്നു വന്ന മറ്റു പ്രധാന നിർദ്ദേശങ്ങൾ പഞ്ചായത്ത് തല ശിശു സംരക്ഷണ സമിതി രൂപീകരിക്കുക, ഇലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ അങ്കണവാടികളിലും സോഷ്യൽ ഓഡിറ്റ് നടത്തുക എന്നിവയായിരുന്നു. ഇതിൽ 2018 ജനുവരിയിൽ ഗ്രാമപഞ്ചായത്തിലുള്ള 18 അങ്കണവാടികളിലും സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്.ICDS സൂപ്പർവൈസർ കൺവീനറായി ശിശു സംരക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ട്.

## 3-5 SC കുട്ടികൾക്ക് സൈക്കിൾ വിതരണം പദ്ധതിയിൽ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ,പേര് | 28/2017-18,SC പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം |
| ഫണ്ടിനം | വികസന ഫണ്ട് (SCP) |
| അടങ്കൽ | 250000 |
| ബിൽ തുക,ബിൽ നമ്പർ | ₹107950 ബിൽ നമ്പർ:8/2017-18;17.01.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി. |

SC കുട്ടികൾക്ക് സൈക്കിൾ വിതരണം എന്ന പദ്ധതിയ്ക്കായി 12.10.2017 ൽ ടെണ്ടർ ക്ഷണിക്കുകയും 17.10.2017 ൽ കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ടെണ്ടർ തുറന്നു പരിശോധിക്കുകയും ചെയ്തു. പത്തനംതിട്ട, കോളേജ് റോഡിലുള്ള സൈക്കിൾ & മോട്ടോർ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിയ്ക്കുകയും (ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.10.2017 ലെ 1II(3) നമ്പർ തീരുമാനം) താഴെ പറയുന്ന നിരക്കിൽ സൈക്കിളുകൾക്ക് പർച്ചേസ് ഓർഡർ നൽകുകയും ചെയ്തു.

| പർച്ചേസ് ഓർഡർ | ഇനം | എണ്ണം | നിരക്ക് (12% GST ഉൾപ്പെടെ) | തുക | ആകെ തുക |
|---|---|---|---|---|---|
| A1/01/2017;17.11.2017 | Hercules Rockey (For Boys) | 15 | 4875 | 73125 | 107950 |
| | BSA Lady Bird (For Girls) | 7 | 4975 | 34825 | |
| ആകെ | | 13 for boys<br>7 for girls | | | 107950 |

എന്നാൽ V.P രാമകൃഷ്ണൻ നായർ & കമ്പനി ലിമിറ്റഡ്,പുല്ലാട്, കോഴഞ്ചേരി എന്ന സ്ഥാപനം ആൺകുട്ടികൾക്കായി Hero Nitro എന്ന സൈക്കിൾ 3822 രൂപയ്ക്കും പെൺകുട്ടികൾക്കായി Hero Miss India എന്ന സൈക്കിൾ 3988 രൂപയ്ക്കും വിതരണം നടത്താമെന്ന് ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നു.എന്നാൽ ഈ വാഗ്ദാനം പ്രൊക്യൂയർമെന്റ് കമ്മിറ്റി അംഗീകരിച്ചിരുന്നില്ല. കൂടിയ ഗുണനിലവാരമുള്ള കമ്പനിയുടെ സൈക്കിളുകൾ വാങ്ങുന്നു എന്നാണ് 28.10.2017 ലെ പ്രൊക്യൂയർമെന്റ് കമ്മിറ്റിയും 30.10.2017 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും തീരുമാനമെടുത്തിട്ടുള്ളത്. Hero, Hercules,BSA എന്നീ കമ്പനികളുടെ സൈക്കിളുകൾ ഉന്നത ഗുണനിലവാരം ഉള്ളവയാണ്. Hercules,BSA എന്നിവ വാങ്ങിയപ്പോൾ ഗ്രാമപഞ്ചായത്തിന് അധിക തുക ചെലവഴിക്കേണ്ടി വന്നു. Hero യുടെ സൈക്കിളുകൾ വാങ്ങിയിരുന്നെങ്കിൽ അത്രയും ചെലവ് ഒഴിവാക്കാമായിരുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും പ്രൊക്യൂയർമെന്റ് കമ്മിറ്റിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-6 ക്വട്ടേഷനിലെ നിരക്കിനെക്കാൾ അധിക വിലയിൽ സാധനം വാങ്ങിയത് അംഗീകരിക്കുന്നില്ല

2017-18 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ '*തെരുവുവിളക്കുകൾക്ക് ബൾബുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ*' എന്ന പദ്ധതിയ്ക്ക് 348270/- രൂപ ചെവഴിച്ചിട്ടുണ്ട്. (ട്രഷറി ബിൽ നം. 15/17-18 /14.03.2018)ടെണ്ടർ ക്ഷണിച്ചതിന് പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത KICO Business Corporation, Adoor എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയത്. അലുമിനിയം ഷേയ്ഡ് എന്നയിനത്തിന്റെ നിരക്ക് ക്വോട്ട് ചെയ്തത് 32 രൂപയാണ്, എന്നാൽ സ്ഥാപനം സമർപ്പിച്ച ഇൻവോയിസ് പ്രകാരം (നം. 108/7.2.18) 39 രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. ഈ ഇനത്തിലുണ്ടായ അധിക ചെലവ് 4550/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 വീട് മെയിന്റനൻസ് നടത്താത്ത ഗുണഭോക്താവിൽ നിന്നും സബ്സിഡി തുക തിരികെ ഈടാക്കണം

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ,പേര് | 34/2017-18,വീട് വാസയോഗ്യമാക്കൽ (SCP). |
| ഫണ്ടിനം | വികസന ഫണ്ട് (SCP) |
| അടങ്കൽ | 600000 |
| ബിൽ തുക,ബിൽ നമ്പർ | ബിൽ നമ്പർ:4/2017-18;06.01.2018 -₹150000<br>ബിൽ നമ്പർ:7/2017-18;16.01.2018 -₹60000<br>ബിൽ നമ്പർ:9/2017-18;27.01.2018 -₹90000<br>ബിൽ നമ്പർ:11/2017-18;09.02.2018 -₹60000<br>ബിൽ നമ്പർ:14/2017-18;16.02.2018 -₹90000<br>ബിൽ നമ്പർ:16/2017-18;22.02.2018 -₹30000<br>ബിൽ നമ്പർ:21/2017-18;15.03.2018 -₹60000<br>ബിൽ നമ്പർ:27/2017-18;28.03.2018 -₹30000<br>ആകെ -₹570000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, |

വീട് വാസയോഗ്യമാക്കൽ (SCP) എന്ന പദ്ധതിയിൽ SCP വിഭാഗത്തിലെ ഗുണഭോക്താക്കൾക്കായി 6 ലക്ഷം രൂപ വകയിരുത്തിയതിൽ 5.70 ലക്ഷം രൂപ ചെലവഴിച്ചിരുന്നു. പദ്ധതിയുടെ ചെലവുരേഖകൾ പരിശോധിച്ചതിൽ വാമാക്ഷി Kഎന്ന ഗുണഭോക്താവിന് അഡ്വാൻസ് ഇനത്തിൽ ആദ്യ ഗഡു ആയി 30000 രൂപ നൽകിയെങ്കിലും നിർമ്മാണം നടത്താത്തതിനാൽ രണ്ടാം ഗഡു നൽകിയിട്ടില്ല എന്നു കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | ട്രഷറി ബിൽ നമ്പർ/തീയതി | ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ | ബാങ്ക് IFSC കോഡ് | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വാമാക്ഷി K,<br>കോട്ടച്ചിറക്കാലായിൽ, ഇടപ്പരിയാരം P.O, ഇലഞ്ഞി.<br>വാർഡ്-4 | ബിൽ നമ്പർ:4/2017-18;06.01.2018ച തുക-150000 | 13340110013373 | UCBA0001334 | 30000 |

പ്രവൃത്തി നടത്തുന്നതിന് നേരിട്ട് ആവശ്യപ്പെട്ടിട്ടും രജിസ്റ്റേർഡ് തപാലിൽ അറിയിച്ചിട്ടും ഗുണഭോക്താവ് വീട് മെയിന്റനൻസ് നടത്തിയിട്ടില്ല എന്ന് V.E.O ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വീടിന്റെ മെയിന്റൻസിനായി 85486 രൂപയുടെ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയിരുന്നു. V.E.O യുമായി ഗുണഭോക്താവ് ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം വ്യവസ്ഥകൾക്ക് വിപരീതമായി പ്രവർത്തിക്കുകയാണെങ്കിൽ സർക്കാറിൽ നിന്നും നൽകിയിട്ടുള്ള മുതലും 8% പലിശയും തിരികെ ഈടാക്കാമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം നടത്താത്ത സാഹചര്യത്തിൽ ടി ഗുണഭോക്താവിൽ നിന്നും വികസനഫണ്ടിൽ നിന്നും നൽകിയ 30000 രൂപ പലിശ ഉൾപ്പെടെ തിരികെ ഈടാക്കാൻ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം:10/2018 തീയതി 17.09.2018) മറുപടിയായി തുക തിരികെ റവന്യൂ റിക്കവറി മുഖേന ഈടാക്കാൻ 29.08.2018 ൽ രേഖാമൂലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നുള്ള മറുപടിയാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നൽകിയിട്ടുള്ളത്. അതിനാൽ അടിയന്തിരമായി ഗ്രാമപഞ്ചായത്ത് കമ്മിറ്റി ഈ വിഷയം പരിഗണിക്കേണ്ടതും സെക്രട്ടറി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-8 ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയും പദ്ധതി നിർവ്വഹണവും

ഓഡിറ്റ് കാലയളവിൽ 13 പ്രാവശ്യം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി കൂടിയിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പ് നടത്തിപ്പ്, ജീവിത ശൈലീ രോഗനിർണ്ണയ ബോധവൽക്കരണ ക്യാമ്പ് നടത്തുന്നത്, കോളറ പ്രതിരോധ പ്രവർത്തനങ്ങൾ, അന്യ സംസ്ഥാന തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പ് നടത്തുന്നത്, ക്ലോറിനേഷൻ നടത്തുന്നത്, ആയുർവേദാശുപത്രിയിൽ കിടത്തി ചികിൽസ എന്നീ വിഷയങ്ങളാണ് ചർച്ച ചെയ്തിട്ടുള്ളത്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് പ്രൊജക്ട് നിർദ്ദേശമോ നിർവ്വഹണം സംബന്ധിച്ചോ ചർച്ചകൾ നടന്നിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നൂതനമായ പ്രൊജക്ടുകൾ

ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ശ്രമിക്കുന്നില്ല. രണ്ട് പ്രൊജക്ടുകൾ (എസ് എസ് എ, ചിറമേൽ സ്കൂളിന് എൽ സി ബി സ്ഥാപിക്കൽ) നടപ്പിലാക്കിയതിൽ എസ് എസ് എ നിർബന്ധിത വകയിരുത്തലിലുള്ള പ്രൊജക്ടാണ്. സ്കൂളുകളെ ആധുനിക നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കുന്നില്ല.

ആരോഗ്യ മേഖലയിൽ നടപ്പിലാക്കുന്ന പ്രൊജക്ടുകൾ മരുന്നുവാങ്ങലും പാലിയേറ്റീവ് കെയർ പദ്ധതിയുമായി ചുരുങ്ങുന്നു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി പദ്ധതിരൂപീകരണത്തിലും നിർവ്വഹണത്തിലും മോണിട്ടറിംഗിലും ശ്രദ്ധ പതിപ്പിക്കേണ്ടതും ഭരണസമിതി ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 പാലിയേറ്റീവ് കെയർ യൂണിറ്റ് - പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

കേരളത്തിലെ പ്രാഥമിക പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ അടിസ്ഥാന നയം വീടുകൾ കേന്ദ്രീകരിച്ചുള്ള പരിചരണമാണ്. ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായി വരുന്ന നിലയിൽ വീടുകളിൽ ദുരിതമനുഭവിക്കുന്ന രോഗികൾക്ക് പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹോംകെയർ സംവിധാനം നടപ്പാക്കി വരുന്നത്. മരുന്ന്, നേഴ്സിംഗ് പരിചരണം മുതലായവ ലഭ്യമാക്കുന്നതിനോടൊപ്പം അവർക്ക് സാന്ത്വനപരിചരണം കൂടി നൽകി അവരെ മാനസികമായി ശക്തിപ്പെടുത്തുക എന്നത് കൂടി പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ ഭാഗമാണ്. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി സർക്കാർ വിശദമായ മാർഗ്ഗരേഖ സൂചന ജി.ഒ.(എം.എസ്) 228/12/ത.സ്വ.ഭ.വ തീയതി 23.08.2012, ജി.ഒ.(ആർ.ടി)-3217/15/ത.സ്വ.ഭ.വ.തീയതി 29.10.15എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

നിലവിൽ 492 പേർക്ക് പരിചരണം നൽകി വരുന്നു. ഇതിൽ 102 പേർക്ക് ഹോം കെയർ പരിചരണത്തിനായി ഒരു ടീം നിലവിലുണ്ട്. ഇവർ മാസം 16 എണ്ണം വീതം ഹോംകെയർ കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. എന്നാൽ പദ്ധതിനടത്തിപ്പിലും മോണിറ്ററിംഗിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു

2017-18 വർഷം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി പ്രോജക്ട് നം SOO111/17പ്രകാരം 211300രൂപ അടങ്കൽ ആയി പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളതാണ്. കെ. എം. എസ്. സി. എല്ലിന് മരുന്ന് വാങ്ങുന്നതിനായി 16-02-2018 ൽ പഞ്ചാബ് നാഷണൽ ബാങ്കിന്റെ 3624001800000019

പ്രകാരം 211300 രൂപ നൽകിയിരുന്നെങ്കിലും നാളിതുവരെ 60981രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളു. നിർധനരായ രോഗികൾക്ക് ആശ്വാസമാകേണ്ട ആരോഗ്യ കേന്ദ്രങ്ങൾക്ക് യഥാസമയം മരുന്നുകൾ ലഭ്യമാക്കാത്തത് ഗൗരവകരമായി വീക്ഷിക്കേണ്ട വസ്തുതയാണ്. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി ഇടപെടേണ്ടതും ലഭ്യമാക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

(2) പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പായി ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തുന്നില്ല

പാലിയെറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും, സുഗമമായും മുന്നോട്ട കൊണ്ടു പോകുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ ചെയർപേഴ്സണായും നിർവ്വഹണോദ്യോഗസ്ഥനായ അലോപ്പതി മെഡിക്കൽ ഓഫീസർ കൺവീനറുമായി ആരോഗ്യം, ക്ഷേമകാര്യം എന്നീ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺമാർ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി, ആയുർവ്വേദം, ഹോമിയോ മെഡിക്കൽ ഓഫീസർമാർ, പാലിയെറ്റീവ് കെയർ നേഴ്സ്, സി.ഡി.എസ്. ചെയർപേഴ്സൺ എന്നിവർ ഉൾപ്പെടെ പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് മാർഗ്ഗരേഖ ഖണ്ഡിക 2(4) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പായി ഈ കമ്മിറ്റി ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണെന്നും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും ഈ യോഗത്തിൽ കൺവീനർ അവതരിപ്പിക്കേണ്ടതാണെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ ടി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പായി ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തുന്നില്ല. മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

## 3-10 ആശ്രയ പദ്ധതി ഭക്ഷണ വിതരണത്തിൽ മാത്രമായി ഒതുങ്ങി

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക സാമ്പത്തി പിന്നോക്കാവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്.)നം.71/2003/പ്ലാനിംഗ് /12.11.2003 നമ്പർ ഉത്തരവ് അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ.(എം.എസ്.)362/2013/ത.സ്വഭ.വ., തീ.16.11.2013 പ്രകാരം അയൽ കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങൾക്ക് ഭക്ഷണം, വസ്ത്രം, ആരോഗ്യ പരിരക്ഷ, പെൻഷൻ, വിദ്യാഭ്യാസം എന്നീ അതിജീവനാവശ്യങ്ങളും, കിടപ്പാടം, കുടിവെള്ളം, ശൗചാലയം എന്നീ അടിസ്ഥാന ആവശ്യങ്ങളും, തൊഴിൽ പരിശീലനം, വ്യക്തിത്വ വികസനം തുടങ്ങിയ വികസനാവശ്യങ്ങളും, സാമൂഹവുമായി ഇടപഴകുന്നതിന് ആത്മബലം നൽകുന്നതിനാവശ്യമായ കൗൺസലിംഗ് മറ്റ് പരിശീലനങ്ങൾ ഉൾപ്പടെയുള്ള പരിചരണ സേവനങ്ങൾ ഒരു പാക്കേജായി ലഭ്യമാക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്.

1.9.2011 മുതൽ ഓഡിറ്റ് കാലയളവ് വരെ 700000/- രൂപ വികസന ഫണ്ടിൽ നിന്നും നൽകിയിരുന്നുവെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല. ചലഞ്ച് ഫണ്ടിൽ നിന്നും ഭക്ഷണ വിതരണത്തിന് മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഓഡിറ്റ് കാലയളവിൽ 904245/- രൂപ ഭക്ഷണ വിതരണത്തിന് ചെലവാഴിട്ടുണ്ട്.

ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം മോണിട്ടറിംഗ് സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം മോണിട്ടറിംഗ് സമിതി വിലയിരുത്തേണ്ടതാണ്. ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ സമിതിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, സി.ഡി.എസ്. ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ആശ്രയയുടെ ചുമതലയുള്ള സി.ഡി.എസ്. അംഗം, രണ്ട് സാമൂഹ്യ പ്രവർത്തകർ എന്നിവരായിരിക്കണം മോണിട്ടറിംഗ് സമിതി അംഗങ്ങൾ. മോണിട്ടറിംഗ് കാര്യക്ഷമമാക്കി പദ്ധതി പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 50000 | പച്ചക്കറി കൃഷി പ്രോൽസാഹനം (36/18) | 50000 | --- |
| ബ്ലോക്ക് പഞ്ചായത്ത് | 102000 | നെൽകൃഷി(100/18) | 102000 | --- |
| ബ്ലോക്ക് പഞ്ചായത്ത് | 50000 | സാന്ത്വന പരിചരണം | 50000 | ---- |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | ---- |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | വലിയവട്ടം മൈലാട്ടുംപാറ റോഡ് കോൺക്രീറ്റിംഗ് | 200000 | ---- |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | ഇലഞ്ഞൂർ വി എച്ച് എസ് തെക്കേതിൽ റോഡ് കോൺക്രീറ്റിംഗ് | 300000 | ---- |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (265/18) | 100000 | ---- |
| ജില്ലാ പഞ്ചായത്ത് | 175000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം (57/18) | 150000 | 25000 |
| ജില്ലാ പഞ്ചായത്ത് | 300000 (2016-17) | 96-ാം നമ്പർ അംഗൻവാടി നിർമ്മാണം (87/18) | 208388 | 91612 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | ചിറയത്ത് കിഴക്കിൻകര അംബേദ്കർ കോളനി നീട്ടൽ | 120000 | 120000 | ഇല്ല | --- |
| | കല്ലുകാല കോളനി പൈപ്പ്ലൈൻ നീട്ടൽ | 30000 | 30000 | ഇല്ല | ---- |
| | എരുമാട്ട് പടി കൈതകയ്യൽ റോഡ് | 31000 | 31000 | ഇല്ല | ---- |
| PWD | ഗാന്ധി സ്മൃതി മണ്ഡപം വൈദ്യുതീകരണം | 62362 | 62362 | ഇല്ല | ---- |
| | ഗാന്ധി സ്മൃതി മണ്ഡപം വൈദ്യുതീകരണം | 35638 | 35638 | ഇല്ല | ---- |
| | പഞ്ചായത്ത് ഓഫീസ് വയറിംഗ്, റീവയറിംഗ് | 696000 | 696000 | ഇല്ല | --- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2017-18 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷാരംഭത്തിലുണ്ടായ നിക്ഷേപം | തൻവർഷം നിക്ഷേപിച്ച തുക | ആകെ | തന്നാണ്ടിൽ പൻവലിച്ച തുക | വർഷാരംഭത്തിൽ അവശേഷിക്കുന്ന സ്ഥിര നിക്ഷേപം |
|---|---|---|---|---|
| ഇല്ല | | | | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47039807 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38815484 |
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16748 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1203053 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-3 | | 16748 | ശ്രീ.പി.കെ രതീശൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | **16748** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-4 | 1198503 | ശ്രീ.പി.കെ രതീശൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | 4550 | ശ്രീമതി ഫാത്തിമാ ബീവി റ്റി.ആർ, അസി സെക്രട്ടറി |
| ആകെ | **1203053** | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.കെ രതീശൻ, ഓവർസീയർ(അസിസ്റ്റന്റ് എഞ്ചിനീയരുടെ ചാർജ്ജ്) | ഓവർസീയർ, നാരങ്ങാനം | പുതുകര വീട് കടമ്മനിട്ട പി.ഒ പത്തനംതിട്ട |
| ശ്രീമതി റ്റി ആർ ഫാത്തിമാ ബാവി, അസിസ്റ്റന്റ് സെക്രട്ടറി | വിരമിച്ചു | മേപ്പുറത്ത് വീട്, പത്തനംതിട്ട പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* |
|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി.2/586/01 തീയതി 29.10.01 |

| | |
|---|---|
| 2000-01 | എൽ.എഫ്.പി.റ്റി.എ.പി.3/511/02 തീയതി 11.12.02 |
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി.2/228/04 തീയതി 14.03.05 |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി.2/741/04 തീയതി 12.05.05 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.11/367/08 തീയതി 30.06.09 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.11/73/10 തീയതി 31.10.10/30.12.10 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.6/566/11 തീയതി 21.11.11/11.03.13 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.6/567/11 തീയതി 30.11.11 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ.പി.6/40/13 തീയതി 22.03.13 |
| 2011-12 മുതൽ 2012-13 വരെ | എൽ.എഫ്.പി.റ്റി.എ.പി.5/399/14 തീയതി 04.10.14 |
| 2013-14 | കെ.എസ്.എ.പി.റ്റി.എ.പി.5/573/15 തീയതി 13.07.15/15.07.15 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.5/608/16 തീയതി 02.06.16 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.5/55/17 തീയതി 13.02.17 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി.5/660/17 തീയതി 16.6.17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട

## 5-1

## അനുബന്ധം-1

അനുബന്ധം-1

നം.കെ.എസ്.എ.പി5 /1348/2018 തീയതി: 15.10.2018

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇലന്തൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട

## 5-2

## അനുബന്ധം-2

No.K.S.A.PTA.P5-1348/2018 Dated: 15.10.2018

**AUDIT CERTIFICATE**

Certified that I have examined the Annual Financial Statement of **Elanthoor Grama Panchayat** in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Elanthoor Grama Panchayat** for the year 2017-18 except the obeservations in my report properly presents the picture of income and expenditure.

**HABEEB MOHAMMED**

**Deputy Director**

**Kerala State Audit Department**

**Pathanamthitta**